**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ** - 695035

**ഫോൺ:** 0471 2302490 **വെബ്സൈറ്റ്:** www.dhs.kerala.gov.in

**ഇ-മെയിൽ:** dhskerala@gmail.com, dhskerala.hsd@kerala.gov.in

---

## സർക്കുലർ

നം:ഇഎൽ2-15230/2025/ആവഡ തീയതി: 16-06-2025

വിഷയം:- ആരോഗ്യവകുപ്പിൽ നിലവിലുള്ള (31/05/2025ന്) റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ്II തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നത് — സംബന്ധിച്ച്.

സൂചന:- 1. ഉത്തരവ് നം. ഇഎസ്2- 4384/2023/ആ.വ.ഡ തീയതി 09/11/2023
2.കുറിപ്പ് നം. ഇഎഫ്1-24950/2023 ആ.വ.ഡ തീയതി. 5/6/2025

ആരോഗ്യവകുപ്പിൽ നിലവിലുള്ള (31/05/2025ന്) റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ്II മാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായി ഈ സർക്കുലറിനോടപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പരിപത്രത്തിൽ അതാത് ജില്ലയിൽ ടി തസ്തികയിൽ ജോലി ചെയ്തുവരുന്നവരുടെ കൃത്യമായ വിവരങ്ങൾ ജില്ലാ മെഡിക്കൽ ആഫീസർമാർ ശേഖരിച്ച് 30/06/2025 നകം ഉചിത മാർഗ്ഗേണ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്

ജീവനക്കാർ സമർപ്പിക്കുന്ന പരിപത്രം അതാത് ഓഫീസ് മേധാവിമാർ സേവനപുസ്തകവുമായി ഒത്തു നോക്കി പരിശോധിച്ച് വിവരങ്ങളുടെ കൃത്യത ഉറപ്പാക്കി മാത്രമേ ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് സമർപ്പിക്കുവാൻ പാടുള്ളൂ.

അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം പട്ടികയിൽ ഉൾപ്പെടുത്തുവാൻ വേണ്ടി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ആയതിനാൽ റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ്II തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും യഥാസമയം പരിപത്രം സമർപ്പിക്കേണ്ടതാണ്.

**Signed by Binu S**
**Date: 16-06-2025 10:22:21**
സീനിയർ സൂപ്രണ്ട്

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

ഉള്ളടക്കം

പരിപത്രം

സ്വീകർത്താവ്

1. ബന്ധപ്പെട്ട ജീവനക്കാർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേനെ)
2. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
4. സൂപ്രണ്ട്, ഇ. എഫ്. സെക്ഷൻ